**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം-കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പി.എം.ഷിബുസ്കോയുടെ 06.03.2018-ലെ സ്റ്റേ പെറ്റീഷൻ നിരസിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2018 ലെ ഉത്തരവ് നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം.852 /2018/തസ്വഭവ, തിരുവനന്തപുരം,തീയതി: 27.3.2018**

---

പരാമർശം : 1. ഗ്രാമവികസന കമ്മീഷണറുടെ 24.06.2016 ലെ 16983/ 16983/എസ്റ്റാ.എ 4/13/ സിആർഡി നമ്പർ നടപടിക്രമം.

2. ശ്രീ.ഷിബുസ്കോ സർക്കാരിൽ സമർപ്പിച്ച 11.07.2016 ലെ അപ്പീൽ അപേക്ഷ.

3. ശ്രീ.ഷിബുസ്കോ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 545/2018 ലെ 27.02.2018 ലെ അന്തിമ ഉത്തരവ്.

4. ശ്രീ.പി.എം.ഷിബുസ്കോ സർക്കാരിൽ സമർപ്പിച്ച 06.03.2018 ലെ സ്റ്റേ പെറ്റീഷൻ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 2011-12, 2012-13 വർഷങ്ങളിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പി.എം.ഷിബുസ്കോ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ ഭവനപദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് കൈമാറിയ തുകകളിൽ ക്രമക്കേട് നടത്തി 83,98,455 (എൺപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി നാന്നൂറ്റി അമ്പത്തഞ്ച് രൂപ) രൂപ അപഹരിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടുകൊണ്ടും ടിയാൻ അപഹരിച്ച തുക റവന്യൂ റിക്കവറി നടപടികൾ മുഖാന്തിരമോ സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ഈടാക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു.

ഗ്രാമവികസന കമ്മീഷണറുടെ തീരുമാനത്തിനെതിരെ ശ്രീ.പി.എം.ഷിബുസ്കോ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ (ഇകെഎം) 545/2018 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിന്റെ 27.02.2018 -ലെ അന്തിമ ഉത്തരവിൽ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതുവരെ ടിയാനെതിരെയുള്ള റിക്കവറി നടപടികൾ നിർത്തി വെയ്ക്കുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാൻ ബഹു.ട്രൈബ്യൂണൽ ടിയാന് 10 ദിവസം അനുവദിക്കുകയും അപേക്ഷ സർക്കാരിൽ ലഭിച്ചതിനു ശേഷം സർക്കാർ ഉചിതമായ തീരുമാനമെടുക്കണമെന്ന് ഉത്തരവാകുകയും ചെയ്തു. തനിയ്ക്കെതിരെയുള്ള റിക്കവറി നടപടികൾ നിർത്തിവെയ്ക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ശ്രീ.പി.എം.ഷിബുസ്കോ സർക്കാരിൽ സ്റ്റേ പെറ്റീഷൻ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.എം.ഷിബുസ്കോ തനിക്കെതിരെയുള്ള റിക്കവറി നടപടികൾ നിർത്തിവെക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്

സമർപ്പിച്ച അപേക്ഷയിൽ റവന്യൂ റിക്കവറി നിർത്തിവെയ്ക്കുന്നതിന് പര്യാപ്തമായ കാരണങ്ങളൊന്നും തന്നെ ബോധിപ്പിച്ചിട്ടില്ല. ആയതിനാൽ റവന്യൂ റിക്കവറി സ്റ്റേ ചെയ്യണമെന്ന ടിയാന്റെ ആവശ്യം നിരസിക്കുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2018 ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.പി.എം.ഷിബുസ്റ്റോ, കക്കോടി, കോഴിക്കോട് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ ,കേരള, എറണാകുളം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

6

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ